# Desabhimani
# 24 July 2018
# New Delhi, Kerala, Impact of Monsoon



## കാലവർഷക്കെടുതി: ലോക്സഭയിൽ ചർച്ച

ന്യൂഡൽഹി

കേരളം ഉൾപ്പടെയുള്ള സംസ്ഥാനങ്ങൾ നേരിടുന്ന കാലവർഷക്കെടുതിയെക്കുറിച്ച് ലോക്സഭയിൽ ഹ്രസ്വചർച്ച നടക്കും. ശൂന്യവേളയിൽ കേരളത്തിൽനിന്നുള്ള അംഗങ്ങൾ വിഷയം ഉന്നയിച്ചതിനെതുടർന്നാണ് സർക്കാർ ചർച്ചയ്ക്ക് തയ്യാറായത്. 25നോ 26നോ ചർച്ച നടക്കും. പി കരുണാകരൻ, പി കെ ശ്രീമതി, എം ബി രാജേഷ്, പി കെ ബിജു, ജോയിസ് ജോർജ്, കെ സി വേണുഗോപാൽ എന്നിവരാണ് ചർച്ച ആവശ്യപ്പെട്ടത്. ആഭ്യന്തരമന്ത്രി സഭയിൽ പ്രതികരിക്കണമെന്ന് എംപിമാർ ആവശ്യപ്പെട്ടു. തുടർന്നാണ് ചർച്ചയാകാമെന്ന് പാർലമെന്ററികാര്യമന്ത്രി അനന്ത്കുമാർ അറിയിച്ചത്